# ചാർലി ചാപ്ലിൻ

പി. എൻ. വേണുഗോപാൽ



Charlie Chaplin

P. N. Venugopal

(Malayalam: Biography)

© 2020 P. N. Venugopal

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Portrait of Charlie, a publicity portrait by Strauss-Peyton Studio. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# 1

# ബാല്യം

1894 — ലണ്ടൻ നഗരത്തിലെ വാൽവർത്ത് പ്രദേശം. ഈസ്റ്റ് ലെയ്നിലെ ഒരു വീട്ടിൽ രണ്ടു കൊച്ചുകുട്ടികൾ കളിച്ചുകൊണ്ടിരിക്കുകയാണ് ചാർളിയും സിഡ്നിയും. അവരുടെ അമ്മ — ഹാന്നാ — വേച്ചുവേച്ച് മുറിയിലേക്കു കടന്നു വരുന്നു. ചാർളി അമ്മയുടെ വിരലുകൾ സ്പർശിച്ചു. അവ വല്ലാതെ തണുത്തിരിക്കുന്നു. അവൾ കട്ടിലിലേയ്ക്കു ചെരിഞ്ഞു. തൊട്ടുപുറകേ അവരുടെ അച്ഛൻ അകത്തെത്തി. മുറിയിലാകെ മദ്യത്തിന്റെ മണം പരന്നു.

“നീ ജോലിക്കു പോകാതിരുന്നാൽ പറ്റില്ല. നമുക്ക് ആ പണം ആവശ്യമുണ്ട്.”

“ഇന്നെനിക്കു കഴിയില്ല. തീരെ വയ്യ — ഇന്നു ഞാൻ പാടിയാൽ ശരിയാവില്ല.”

“എന്നാൽ ഞാൻ ചാർളിയെ കൊണ്ടുപോകും എവിടെ ആ കുരുത്തംകെട്ടവൻ?”


ചാർലിയും ജാക്കി കൂഗനും ചിത്രം: ദ കിഡ്

അമ്മ ചാർളിയെ അടുത്തേക്കു വിളിച്ചു. അമ്മയ്ക്കു പകരം അവൻ നാടകശാലയിലെ സ്റ്റേജിൽ കയറി പാടണമെന്നു പറഞ്ഞു. അവനെ നല്ല വേഷം ധരിപ്പിച്ചു. നെറ്റിയിൽ ഉമ്മവച്ച് അച്ഛനോടൊപ്പം യാത്രയാക്കി.

നാടകശാലയിൽ എത്തിയപ്പോൾ ‘ജാക് ജോൺസ്’ എന്ന പാട്ടു പാടാൻ അച്ഛൻ നിർദ്ദേശിച്ചു. ഹാളിൽ നല്ല തിരക്ക്. എന്നാൽ ചാർളിക്കു തീരെ പരിഭ്രമം തോന്നിയില്ല. പാട്ടു പകുതിയായപ്പോൾ സ്റ്റേജിലേക്ക് നാണയങ്ങളുടെ ഒരു മഴ തന്നെ തുടങ്ങി. കാണികൾ അവനു സമ്മാനമായി നാണയത്തുട്ടുകൾ എറിയുകയായിരുന്നു. ചാർളി പാട്ടുനിർത്തി തുട്ടുകൾ പെറുക്കാൻ തുടങ്ങി.

‘ഞാനിതൊക്കെ പെറുക്കിയെടുക്കട്ടെ. എന്നിട്ടു പാടാം’ അവൻ ഉറക്കെ വിളിച്ചുപറഞ്ഞു.

കാണികൾ ഇളകിമറിഞ്ഞു അവർ കസേരകളിൽ കയറിനിന്നു കൊണ്ട് വീണ്ടും പണമെറിഞ്ഞു. കീശ നിറഞ്ഞപ്പോൾ ചാർളി തന്റെ തൊപ്പിയിലേയ്ക്കും പെറുക്കിയിട്ടു. അവൻ പാട്ടുപാടി മുഴമിപ്പിച്ചു. കാണികളുടെ ആവശ്യപ്രകാരം വീണ്ടും വീണ്ടും പാടി.

ചാർളി ചാപ്ലിനെക്കുറിച്ച് പരാമർശമുണ്ടാകുമ്പോഴൊക്കെ ആവർത്തിക്കപ്പെട്ടിട്ടുള്ള ഒരു കഥയാണിത്. എന്നാൽ തന്റെ ആത്മകഥയിൽ ചാപ്ലിൻ എഴുതിയ ഈ സംഭവം അദ്ദേഹത്തിന്റെ ഒരു കാൽപനിക കഥ മാത്രമായിരുന്നുവെന്ന് പിന്നീടു നടന്ന അന്വേഷണങ്ങൾ വെളിവാക്കി. ചാപ്ലിന്റെ അമ്മ ഹാന്നാ 1887ൽത്തന്നെ, അതായത് ചാപ്ലിൻ ഭൂജാതനാവുന്നതിന് രണ്ടു വർഷങ്ങൾക്കു മുമ്പ്, ‘മ്യൂസിക് ഹാളു’കളിൽ പാടുന്നത് നിർത്തിയിരുന്നു എന്നതിനു രേഖകളുണ്ട്.

ചാപ്ലിന്റെ ജീവിതമെന്തായിരുന്നു, എങ്ങനെയായിരുന്നു, എന്നറിയാൻ താല്പര്യമുള്ള ഒരു വ്യക്തിക്ക് മുഖവിലയ്ക്കെടുക്കാൻ കഴിയുന്നതല്ല ‘എന്റെ ആത്മകഥ’ (My Autobiography) എന്നതിനു ലഭിക്കുന്ന അനേകം ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണിത്.

ഹാന്നാ ഹില്ലിന്റേയും ചാർളി ചാപ്ലിന്റേയും (സീനിയർ) മകനായി ചാർളി ചാപ്ലിൻ ജനിക്കുന്നത് 1889 ഏപ്രിൽ 16-നാണ്. ലണ്ടനിലെ മ്യൂസിക് ഹാളുകളിൽ ഗായികയും നർത്തകിയുമായിരുന്ന ഹാന്നായ്ക്ക് അന്നു നാലു വയസ്സുള്ള ഒരു മകനുണ്ട്—സിഡ്നി. അവൻ പക്ഷേ അഭിനേതാവും ഗായകനുമായിരുന്ന സീനിയർ ചാർളി ചാപ്ലിന്റെ മകനായിരുന്നില്ല. തികഞ്ഞ മദ്യപാനിയായിരുന്ന സീനിയർ ചാപ്ലിൻ ചാർളിയുടെ ജനനത്തിനു രണ്ടുവർഷം മുമ്പു മാത്രമാണ് ഹാന്നായുടെ ജീവിതത്തിലേക്ക് കടന്നുവന്നത്.

അതീവ സുന്ദരിയല്ലെങ്കിലും നീലക്കണ്ണുകളും ഊതവർണ്ണത്തിലുള്ള നീണ്ട മുടിയുമുണ്ടായിരുന്ന ഹാന്നാ സിഡ്നിക്കും ചാർളിക്കും ഒരു മാലാഖ തന്നെയായിരുന്നു. കുടുംബം പുലർത്തുന്നതിൽ ഭർത്താവിന്റെ സഹായം തീരെയും ലഭ്യമല്ലായിരുന്നു എങ്കിലും ഹാന്നാ കഷ്ടപ്പാടുകൾ സഹിച്ച് തന്റെ മക്കളെ അല്ലലറിയിക്കാതെ വളർത്താൻ ശ്രമിച്ചു. എന്നാൽ അന്നു തന്നെ അവൾ ‘സ്കിസോഫ്രേനിയ’ എന്ന മാനസിക രോഗത്തിന് അടിമയായിരുന്നു. അതിനു പുറമേയാണ് ശബ്ദവും നഷ്ടപ്പെട്ടത്. തുന്നൽ ജോലി ചെയ്തും മറ്റുപല കൊച്ചുകൊച്ചു പണികളെടുത്തുമാണ് അവൾ നിത്യവൃത്തി കഴിച്ചിരുന്നത്. ഇടയ്ക്കിടെ അവൾ മനോരോഗാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടാറുണ്ടായിരുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ ചാർളിയും സിഡ്നിയും അനാഥാലയങ്ങളിലാണ് കഴിഞ്ഞിരുന്നത്. ആ സമയത്ത് അച്ഛൻ അവരെ തിരിഞ്ഞുനോക്കാറുണ്ടായിരുന്നില്ല.


ഹാന്നാ ചാപ്ലിൻ

ഹാന്നാ മറ്റൊരു പുരുഷനിൽ അഭയം തേടി. ഗായകനായ ലിയോ ഡ്രൈഡൻ. എന്നാൽ അവർക്ക് ഒരു കുട്ടി ജനിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ അയാൾ ആ കുട്ടിയേയും കൊണ്ട് ഇംഗ്ളണ്ടു വിട്ടുപോയി. ചാർളിയായിരുന്നു അമ്മയുടെ പ്രിയപുത്രൻ. പക്ഷേ പരിലാളനങ്ങൾക്കു പകരം രാത്രിയിൽ തന്നെ കെട്ടിപ്പിടിച്ചു കരയുന്ന അമ്മയെ ആശ്വസിപ്പിക്കേണ്ട അവസ്ഥയായിരുന്നു ചാർളിയുടേത്. തെരുവുകളിൽ വച്ച് സമനിലതെറ്റുന്ന അമ്മയെ കൂക്കിവിളിക്കുന്ന തെരുവു പിള്ളേരിൽനിന്ന് പലപ്പോഴും രക്ഷിച്ചുകൊണ്ടുവരേണ്ടിവന്നു ചാർളിക്ക്. വർഷങ്ങൾക്കുശേഷം ഡാനാ ബർണറ്റ് എന്ന എഴുത്തുകാരിയോടു ചാപ്ലിൻ പറഞ്ഞു:

“ഞാൻ ഒരു മെലിഞ്ഞുണങ്ങിയ, വേണ്ടത്ര വളർച്ചയില്ലാത്ത കൊച്ചു പയ്യൻ — അമ്മയെ കൊടുംതണുപ്പത്ത് വൃത്തിഹീനമായ തെരുവിന്റെ ദുർഗ്ഗന്ധങ്ങളിലൂടെ പിടിച്ച് വലിച്ച്, പുറകേ വരുന്ന പിള്ളേരിൽനിന്നും രക്ഷിച്ച് ഞങ്ങളുടെ ദയനീയമായ വീട്ടിലേയ്ക്കു കൊണ്ടുപോകുന്ന രംഗങ്ങൾ എന്റെ മനസ്സിൽ ഇടയ്ക്കിടെ തെളിഞ്ഞു വരാറുണ്ട്” ‘ചാപ്ലിന്റെ മനസ്സിൽ അമ്മ ദുരന്തതീവ്രതയുടെ പ്രതീകമായി മാറി’ എന്നും ഡാനാ ബർണറ്റ് കൂട്ടിച്ചേർക്കുന്നു. എങ്കിലും പല ദിവസങ്ങളിലും അവർ തന്റെ തുന്നൽ സാമഗ്രികൾ മാറ്റിവച്ച് നാടകശാലകളിൽ താൻ അവതരിപ്പിക്കാറുണ്ടായിരുന്ന പാട്ടുകൾ പാടി, നൃത്തമാടി കുട്ടികളെ രസിപ്പിക്കാറുണ്ടായിരുന്നു. ഹാന്നാ ചില നാടകങ്ങൾ അഭിനയിച്ചു കാണിക്കും. കുട്ടികൾക്കുവേണ്ടി അവർ നെപ്പോളിയൻ, ജോസഫൈൻ, ചാൾസ് രണ്ടാമൻ ഒക്കെയാവും വിക്ടോറിയൻ ഇംഗ്ളണ്ടിലെ നാടകശാലകളിൽ മദ്യവും ലഭ്യമായിരുന്നു. പരിപാടി കഴിഞ്ഞാൽ പ്രധാന നടന്മാർ തിയേറ്ററിൽത്തന്നെയുള്ള മദ്യശാലകളിൽ പ്രേക്ഷകരുമൊത്തിരുന്നു മദ്യപിക്കണമെന്ന ഒരു അലിഖിത നിയമവുമുണ്ടായിരുന്നു. പലപ്പോഴും നാടകശാലാ ഉടമകൾക്ക് കൂടുതൽ പണം ലഭിച്ചിരുന്നത് ഈ മദ്യശാലകളിൽ നിന്നായിരുന്നു. ഘനഗാംഭീര്യമാർന്ന ശബ്ദമുള്ള ഗായകനായിരുന്ന തന്റെ അച്ഛൻ ഒരു മദ്യപാനിയാവാനുള്ള പ്രധാന കാരണം ഇതായിരുന്നുവെന്ന് ചാപ്ലിൻ ‘എന്റെ ആത്മകഥയിൽ’ പറയുന്നുണ്ട്.

1895 ജൂൺ മാസത്തിൽ ഹാന്നാ, ‘ചാംപ്യൻ ഹിൽ ഇൻഫേർമറിയിൽ പ്രവേശിപ്പിക്കപ്പെട്ടു. നഗരാധികാരികൾ ചാർളിയേയും സിഡ്നിയേയും ആദ്യം ന്യൂവിംഗ്ടൺ വർക്ക്ഹൌസിലും പിന്നീട് ചാപ്ലിൻ സീനിയറിനെ തേടിപ്പിടിച്ച് എല്ലാ ആഴ്ചയിലും കുട്ടികളുടെ ചിലവിലേയ്ക്കായി പതിനഞ്ചു ഷില്ലിംഗ് വീതം കൊടുത്തുകൊള്ളാമെന്ന ഉറപ്പിൽ ഹാൻവെൽ പൂവർ സ്കൂളിലേയ്ക്കും മാറ്റി. ചാപ്ലിൻ സീനിയർ ഈ ഉറപ്പു പാലിച്ചില്ല എന്നതു മറ്റൊരു കാര്യം.

ഒരു വർഷത്തിനകം സിഡ്നിക്ക് ഒരു കപ്പലിൽ ജോലി കിട്ടി. അതോടെ ചാർളി തനിച്ചായി. രണ്ടു വർഷത്തിനുശേഷം സിഡ്നി തിരിച്ചെത്തിയപ്പോൾ ആശുപത്രിയിൽനിന്നും പുറത്തുവന്ന അമ്മയോടൊപ്പം അവരും ചേർന്നു. എന്നാൽ ഇത് അധികകാലം നീണ്ടുനിന്നില്ല. ഹാന്നാ വീണ്ടും ആശുപത്രിയിലായി. അധികാരികൾ കുട്ടികളെ അച്ഛനെയേൽപ്പിച്ചു. ഒരു വെപ്പാട്ടിയോടൊത്തു കഴിഞ്ഞിരുന്ന ചാപ്ലിൻ സീനിയറിന്റെ വീട്ടിലെ ജീവിതം അവർക്ക് ദുഃസഹമായിരുന്നു. വിദ്യാഭ്യാസവും അതോടെ അവസാനിച്ചു.

പല ദിവസങ്ങളിലും ചാർളി നീണ്ട നടത്തത്തിനു പോകുമായിരുന്നു. അലഞ്ഞുതിരിഞ്ഞു എന്നു പറയുകയാവും കൂടുതൽ ശരി. ഒരർദ്ധരാത്രിയിൽ കെൻസിങ്ടൺ ക്രോസ് വഴി തിരിച്ചു വരുമ്പോൾ ‘ദ ഹണീസിക്കിൾ ആൻഡ് ദ ബീ’ എന്ന സുന്ദരമായ ഒരു ട്യൂൺ ഹാർമോണിയത്തിലും ക്ലാരനറ്റിലും കൂടി സമീപത്തെ ഒരു മദ്യശാലയിൽ നിന്ന് ഒഴുകി വരുന്നതു കേട്ട് ചാർളി മന്ത്രമുഗ്ധനായിനിന്നു. ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ചാർളിയുടെ സംഗീതോപാസനയുടെ തുടക്കം അവിടുന്നായിരുന്നു.

അമ്മ ഹാന്നാ സാനിട്ടോറിയത്തിൽനിന്ന് വീണ്ടും പുറത്തുവന്നു. സിഡ്നി ഒരു ടെലഗ്രാഫ് ബോയ് ആയി ജോലി ചെയ്യാൻ തുടങ്ങിയിരുന്നു. ചാർളി തെരുവിലേക്കിറങ്ങി. ഒരു തെരുവു നർത്തകനായി ചില്ലറ നാണയങ്ങൾ സമ്പാദിക്കാൻ തുടങ്ങി. അപ്പോളവന് കേവലം പത്തു വയസ്സ് പ്രായം.

## 2

# ജന്മനാ നടൻ

ചാൾസ് ഡിക്കൻസിന്റെ, ഒലിവർ ട്വിസ്റ്റിന്റെ ലണ്ടൻ. തെരുവുഗായകരുടേയും 'പഞ്ച് ആൻഡ് ജൂഡി ഷോ'-യുടേയും ചീട്ടുവിദ്യക്കാരുടേയും മുഖം പെയിന്റു ചെയ്ത കോമാളികളുടേയും ലണ്ടൻ. വ്യാവസായിക വിപ്ലവത്തോടെ ജീവിതത്തിന്റെ അടിത്തറ നഷ്ടപ്പെട്ട അനേകായിരങ്ങൾ ആഹാരസമ്പാദനത്തിന് മോഷണവും പോക്കറ്റടിയും പിടിച്ചുപറിയും നിത്യവൃത്തിയാക്കിയിരുന്നു. ലണ്ടൻ തെരുവുകൾ അവരെക്കൊണ്ടു തിങ്ങിനിറഞ്ഞു.

അങ്ങിനെയൊരു തെരുവിൽ ചാർളി പാടുകയും ഒരു റബിക്കുതിരയെപ്പോലെ ചാടിക്കളിക്കുകയുമാണ്. കുറേ നേരമായി ഒരാൾ തന്നേത്തന്നെ സൂക്ഷിച്ചു നോക്കുന്നതായി അവന് തോന്നി.

"ഈ പയ്യൻ ജന്മനാതന്നെ ഒരു നടനാണ്" എന്നു പറയുന്നതും കേട്ടു. അതു വില്യം ജാക്സൺ ആയിരുന്നു 'ലങ്കാഷയർ ലാഡ്സ്' എന്ന തിയേറ്റർ ഗ്രൂപ്പിന്റെ ഉടമ.

അങ്ങിനെ ചാർളി ഒരഭിനേതാവായി — ലങ്കാഷയർ ലാഡ്സിൽ. താമസവും ആഹാരവും, ആഴ്ചതോറും ഹാന്നായ്ക്ക് അര പൌണ്ടും... അതായിരുന്നു വേതനം. ചാർളി ചാപ്ലിൻ ഇരുപത്തെട്ടുമാസം ലങ്കാഷയർ ലാഡ്സ് ട്രൂപ്പിൽ പ്രവർത്തിച്ചു. സിൻഡ്രല എന്ന മ്യൂസിക്കലിൽ ഒരു പ്രധാനവേഷം ചെയ്തു.


ചാപ്ളിൻ "ദ ഗ്രേറ്റ് ഡിക്റ്റേറ്റർ" എന്ന ചിത്രത്തിൽ

ഔപചാരികമായ പഠനം നിലച്ചിരുന്നുവെങ്കിലും അറിവു നേടണമെന്നുള്ള അദമ്യമായ ആഗ്രഹം ചാപ്ലിനുണ്ടായിരുന്നു. പഴയ പുസ്തകങ്ങൾ വിൽക്കുന്ന കടകളിൽ നിന്നും ചാർളി വാങ്ങിയ നിരവധി പുസ്തകങ്ങളിലൊന്ന് 'ഒലിവർ ട്വിസ്റ്റ്' ആയിരുന്നു.

ചാർളിക്കു പന്ത്രണ്ടു വയസ്സുള്ളപ്പോൾ, കരളിനു ബാധിച്ച അസുഖം മൂലം അച്ഛൻ സീനിയർ ചാപ്ലിൻ അന്തരിച്ചു.

പന്ത്രണ്ട്–പതിന്നാലു വയസ്സിനിടെ നിരവധി വ്യത്യസ്ത സ്ഥാപനങ്ങളിൽ ചാർളി ജോലിയെടുത്തു, ബാർബർഷോപ്പ്, സ്റ്റേഷനറിക്കട, ഒരു ഡോക്ടറുടെ ക്ലിനിക്ക്, ഗ്ളാസ്സ് ഫാക്ടറി, മെഴുകുതിരി നിർമ്മാണശാല, അച്ചടിശാല ഇതൊക്കെക്കൂടാതെ മറ്റു കുട്ടികൾക്ക് നൃത്തപരിശീലന ക്ളാസ്സുകളും എടുക്കാറുണ്ടായിരുന്നു. ചിലയവസരങ്ങളിൽ തെരുവിൽ ഒരു പഴയ പെട്ടിക്കു മുകളിൽ കയറിനിന്ന് പഴയ വസ്ത്രങ്ങൾ വിറ്റു. പഴയ വസ്ത്രങ്ങളുടെ വില്പന വിക്റ്റോറിയൻ ഇംഗ്ളണ്ടിന്റെ ഒരു പ്രത്യേകതയായിരുന്നു. പാവങ്ങൾക്ക് പുതിയ വസ്ത്രങ്ങൾ വാങ്ങാൻ കഴിയാതിരുന്നതുമൂലം പഴയ കാൽസ്രായികൾക്കും കോട്ടുകൾക്കും ഷൂസുകൾക്കും നല്ലൊരു വിപണിയുണ്ടായിരുന്നു. ചാർളി ചാപ്ലിന്റെ സിനിമകളിൽ അദ്ദേഹത്തിന്റെ വേഷം ഒന്നോർത്തുനോക്കൂ. ബാഗി പാൻസ്, ഇറുകിയ കോട്ട്, പാദങ്ങളേക്കാൾ വളരെ വലിയ ഷൂസ്, ഒരുകാലത്ത് ചാപ്ലിൻ ധരിക്കുകയും വിൽക്കുകയും ചെയ്തിരുന്ന വേഷങ്ങൾ.

അമ്മയുടേയോ അച്ഛന്റേയോ സംരക്ഷണമില്ലാതെ കടന്നുപോയ ബാല്യം ചാപ്ലിന്റെ ജീവിതത്തിലുടനീളം നിഴൽ വീഴ്ത്തി. അമ്മയുടെ മനോനില മെച്ചപ്പെട്ടും, അതു സാധാരണമാവും എന്ന ആശ ചാർളിക്ക് എക്കാലവുമുണ്ടായിരുന്നു. എന്തെങ്കിലും അത്ഭുതം സംഭവിക്കാതിരിക്കില്ല... എന്നാൽ അമ്മയുടെ ഭ്രാന്തമായ അവസ്ഥയിൽ വ്യത്യാസമുണ്ടായില്ല എന്നതായിരുന്നു യാഥാർത്ഥ്യം. ചാപ്ളിന്റെ ചിത്രങ്ങളിൽ നിറഞ്ഞുനിന്ന, വ്രണിതബാല്യത്തോടും അശരണരോടും സഹാനുഭൂതി പ്രദർശിപ്പിക്കണമെന്ന അഭ്യർത്ഥനകൾ ഉറക്കമില്ലാത്ത തന്റെ രാത്രികളുടെ പ്രതിഫലനങ്ങളായിരുന്നിരിക്കാം.

അഞ്ചടി നാലിഞ്ചു പൊക്കമുണ്ടെങ്കിലും ചാപ്ലിന് കാഴ്ചയിൽ അത്ര തോന്നിക്കില്ല. കുറിയ കാലുകളും കൈകളും ചലനത്തിലെ ചടുലതയും അംഗവിക്ഷേപങ്ങളിലെ നിയന്ത്രിതമായ ആകർഷകത്വവും അസാധാരണമായ ഒരു 'കുള്ളത്തം' അയാൾക്കു പ്രദാനം ചെയ്തു.

വ്യത്യസ്തമായ പല പണികളെടുത്തു നടന്നിരുന്ന ചാപ്ലിൻ, സി. ഇ. ഹാമിൽട്ടൺന്റെ കമ്പനിയിൽ അഭിനേതാവായി ചേർന്നു. ജിം, ഷെർലക് ഹോംസ് തുടങ്ങിയ നാടകങ്ങളിൽ അഭിനയിച്ചു. പിന്നീട് ഹാരി യോർക്കിന്റെ കമ്പനിയിലേക്കു മാറി. അവിടെവച്ച് കൊമേഡിയൻ വിൽ മറേയുടെയൊപ്പം അഭിനയിക്കാനിടവന്നു. ചാപ്ലിന്റെ ആദ്യഗുരു ആയിരുന്നു മറേ എന്നു പറയാം.

ഹാരി യോർക്കുമായി തെറ്റി പതിനേഴ വയസുള്ള ചാപ്ലിൻ സ്വന്തം നിലയിൽ നാടകങ്ങൾ അവതരിപ്പിക്കാൻ പരിപാടിയിട്ടു. എന്നാൽ ആദ്യ ശ്രമം തന്നെ തികഞ്ഞ പരാജയമായിരുന്നു. കാണികളുടെ പീഡനമേൽക്കാതെ തിയേറ്ററിൻ നിന്നു ചാപ്ലിന് ഓടി രക്ഷപ്പെടേണ്ടിവന്നു.

നിവർത്തിയില്ലാതെ ചാർളി ചാപ്ലിൻ ഫ്രെഡ് കാർണോയുടെ കമ്പനി 'കാർണോസ് സ്പീച്ച്ലസ് കൊമേഡിയൻസ്' എന്ന ട്രൂപ്പിൽ അംഗമായി. 'ഫൺ ഫാക്ടറി' എന്നാണു കാർണോ തന്റെ കമ്പനിയെ വിശേഷിപ്പിച്ചിരുന്നത്.

1900-ത്തിനുശേഷം ബ്രിട്ടീഷ് സമൂഹത്തിൽ ദൂരവ്യാപകമായ മാറ്റങ്ങൾ വന്നു. ആഴ്ചയിൽ അറുപതു മണിക്കൂർ ജോലിയെന്നതു 1910 ആയപ്പോഴേയ്ക്കും ശരാശരി അമ്പത്തിമൂന്നു മണിക്കൂറായി ചുരുങ്ങി. വിശ്രമസമയം കൂടിയതോടെ മദ്ധ്യവർഗത്തിന് അതെങ്ങനെ ചിലവഴിക്കണമെന്ന പ്രശ്നമുദിച്ചു. വിനോദയാത്രകളും കായികവിനോദങ്ങളും കൂടാതെ ഗായക-നാടകശാലകളിലേയ്ക്കും അവർ തള്ളിക്കയറി.



കാർണോയുടെ പോസ്റ്റർ

എന്നാൽ കായികമായി അദ്ധ്വാനിക്കുന്നവരുടെ ജീവിത സാഹചര്യങ്ങളിൽ സാരമായ മാറ്റങ്ങളൊന്നുമുണ്ടായില്ല. സത്യത്തിൽ അവരുടെ യഥാർത്ഥ വേതനം കുറഞ്ഞുവന്നു. സമരങ്ങൾക്കും പണിമുടക്കുകൾക്കുമിടയിൽ, വിപ്ലവാഹ്വാനങ്ങളുടെ പശ്ചാത്തലത്തിൽ, നിശിതമായ യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടങ്ങളെന്ന നിലയിൽ അവരും നാടകശാലകളിലേയ്ക്കു തിക്കിക്കയറി. കാർണോയുടെ നാടകങ്ങൾ അവരുടെ ജീവിതങ്ങളെയാണ് ചിത്രീകരിച്ചത്. കാർണോയാണ് ചാർളിയെ കോമഡി എന്തെന്നു പഠിപ്പിച്ചത്. മുമ്പ് സർക്കസ് കലാകാരനായിരുന്ന കാർണോ ശരീരചലനങ്ങളിലും ആ ചലനങ്ങൾ വഴി സംവേദനം ചെയ്യപ്പെടുന്ന ശരീരഭാഷയിലും പ്രത്യേകം നിഷ്കർഷ ചെലുത്തി. അവസാനമില്ലെന്നു തോന്നിക്കുന്ന റിഹേഴ്സലുകളായിരുന്നു കാർണോയുടെ ഒരു പ്രത്യേകത. പൂർണ്ണതയിലെത്താനുള്ള അക്ഷീണമായ പരിശ്രമം ചാപ്ലിന്റെ ഭാവി ജീവിതത്തിൽ ഒരു മാർഗരേഖയായി. ഫൺ ഫാക്ടറിയിലെ സഹപ്രവർത്തകർക്ക് ചാർളിയോടു വലിയ പ്രതിപത്തിയൊന്നുമുണ്ടായിരുന്നില്ല.

കാർണോ പറഞ്ഞു: "അയാളെ ആരും അത്രയ്ക്ക് ഇഷ്ടപ്പെട്ടില്ല. സഹപ്രവർത്തകരോട് ആഴ്ചകളോളം ചാർളി ഒരക്ഷരം പോലും ഉരിയാടാത്ത കാലമുണ്ടായിരുന്നു. ചിലപ്പോളൊക്കെ അയാൾ എന്തെങ്കിലും സംസാരിച്ചെന്നിരിക്കും. എന്നാൽ പൊതുവേ നിശ്ശബ്ദനായിരുന്നു. അയാൾ ഒരു സന്യാസിയെപ്പോലെയാണു ജീവിച്ചത്. മദ്യത്തിനെ ഭയമായിരുന്നു. ശമ്പളം കിട്ടിയാൽ അപ്പോൾത്തന്നെ അതുമായി ബാങ്കിലേയ്ക്ക് ഓടും."

എന്നാൽ ചാപ്ലിൻ പണം ചിലവാക്കാതെയൊന്നുമിരുന്നില്ല. കുറച്ചു പണം കയ്യിൽ വന്നപ്പോൾത്തന്നെ രണ്ടു സഹോദരന്മാരും ചേർന്ന് ഒരു ഭേദപ്പെട്ട വീട് വാടകയ്ക്കെടുത്ത് വേണ്ട സാധനങ്ങൾ എല്ലാം വാങ്ങി. കൂട്ടത്തിൽ ഒരു വലിയ പിയാനോയും ഒരു നഗ്നസുന്ദരിയുടെ പൂർണ്ണകായചിത്രവും.

മറ്റു കൊമേഡിയന്മാരെപ്പോലെയായിരുന്നില്ല ചാപ്ലിൻ. കൂടുതൽ അറിയാനുള്ള മോഹം അദമ്യമായിരുന്നു. ഇംഗ്ളീഷ് വ്യാകരണം, ലാറ്റിൻ-ഇംഗ്ളീഷ് ഡിക്ഷ്ണറി തുടങ്ങിയ പുസ്തകങ്ങളിലേയ്ക്കു വായന വികസിച്ചു. 'ഷേർലക് ഹോംസി'ൽ അഭിനയിച്ചുകൊണ്ടിരുന്നപ്പോൾ ആ ഡിറ്റക്ടീവിനെ അനുകരിച്ച് ചാപ്ളിൻ ഒരു വയലിൻ വാങ്ങി. അതിന്റെ കമ്പികൾ ഇടതുകൈകൊണ്ടു മീട്ടാൻ പാകത്തിനു തിരിച്ചിട്ടു. എവിടെപ്പോയാലും ആ വയലിൻ ഒപ്പം കൊണ്ടുപോകുമായിരുന്നു. സെല്ലോയും പിയാനോയും പഠിച്ചു. മണിക്കൂറുകളോളം പ്രാക്ടീസു ചെയ്തു. വിഷാദം ബാധിക്കുമ്പോൾ ചാർളി തിരിഞ്ഞത് സംഗീതത്തിലേയ്ക്കാണ്.

1908-ലെ വേനൽക്കാലം. എമ്പയർ തീയേറ്ററിൽ 'മമ്മിംഗ് ബേഡ്സ്' എന്ന നാടകം. നാടകത്തിനു മുൻപ് ഒരു നൃത്ത പരിപാടി. കർട്ടന്റെ സൈഡിൽ നൃത്തവും കണ്ടുകൊണ്ട് നാടകത്തിനു വേഷമിട്ട ചാർളി. നൃത്തത്തിനിടയിൽ ഒരു പെൺകുട്ടി കാൽതെന്നി വീണു. മറ്റു പെൺകുട്ടികൾ ചിരിച്ചു. അവളുടെ വലിയ, ചെമ്പൻ കണ്ണുകൾ പതിഞ്ഞത് സൈഡ് കർട്ടനുകളുടെ ഇടയിൽ നിൽക്കുന്ന ചാർളിയിലാണ്. അവളുടെ മെലിഞ്ഞ ശരീരവും തുടുത്ത മുഖവും ചാർളിയെ ആകർഷിച്ചു. ഹെറ്റി കെല്ലി. വയസ്സു പതിനഞ്ച്. ചാർളിക്ക് അന്ന് പത്തൊൻപതു വയസ്സ്.

നാടകം കഴിഞ്ഞു് അവളെക്കണ്ടപ്പോൾ അടുത്ത ഞായറാഴ്ച താനുമൊത്തു കുറച്ചു സമയം ചിലവഴിക്കാമോ എന്ന് ചാപ്ളിൻ ചോദിച്ചു.

"ചുവന്ന മൂക്കില്ലാതെ നിങ്ങൾ കാണാൻ എങ്ങിനെയുണ്ടാവും എന്നുപോലും എനിക്കറിയില്ലല്ലോ" എന്നായിരുന്നു അവളുടെ പ്രതികരണം.

'മമ്മിംഗ് ബേർഡ്സി'ൽ ഒരു മുഴക്കുടിയന്റെ റോളായിരുന്നു ചാപ്ളിന്. അയാളുടെ മദോന്മത്തത വ്യക്തമാക്കാൻ മൂക്കിന്റെ തുമ്പത്ത് ചുവന്ന ചായം തേച്ചിരുന്നു. എന്തായാലും അടുത്ത ഞായറാഴ്ച അവർ ഒരു ട്രാം സ്റ്റേഷനിൽ വച്ച് സന്ധിച്ചു. മേയ്ക്കപ്പ് ഇല്ലാത്ത ഹെറ്റി ചാർളിയുടെ ദൃഷ്ടിയിൽ അതീവസുന്ദരിയായി. നിഷ്കളങ്കമായ കണ്ണുകൾ. കണ്ടമാത്രയിൽത്തന്നെ ചാർളി, തനിക്കവളോടു തോന്നുന്ന അദമ്യമായ സ്നേഹത്തേപ്പറ്റി പറഞ്ഞു. അവർ ഒരു വലിയ റസ്റ്റോറന്റിൽ പോയി. ചാർളി വയറു നിറയെ ഭക്ഷിച്ചു. അവൾ ഒരു സാൻവിച്ച് മാത്രം! നാലാം ദിവസം ചാർളി ചോദിച്ചു, "നീയെന്നെ വിവാഹം കഴിക്കുമോ?"

അവൾക്കു വ്യക്തമായ മറുപടിയുണ്ടായിരുന്നില്ല. "അല്ലെങ്കിൽ വേണ്ട, ഇപ്പോൾത്തന്നെ നിനക്ക് എന്റെ മേൽ ആവശ്യത്തിലേറെ അധികാരമുണ്ടായിരിക്കുന്നു. ഗുഡ്ബൈ!"

അടുത്ത ദിവസം അവളുടെ വീട്ടിൽച്ചെന്ന് ചാർളി വീണ്ടും ഗുഡ്ബൈ പറഞ്ഞു. ഒരു വർഷത്തിനുശേഷം അവർ അവിചാരിതമായി കണ്ടുമുട്ടി. അവൾ വളർന്നിരുന്നു. എന്നാൽ അവളുടെ മാറിടം ചെറുതും അത്ര ആകർഷകമല്ലാത്തതുമായിരുന്നു. "എന്നേക്കൊണ്ടു പറ്റുമായിരുന്നെങ്കിലും ഞാനവളെ വിവാഹം കഴിക്കുമായിരുന്നോ? ഇല്ല, എനിക്കാരേയും വിവാഹം കഴിക്കണ്ട," ചാപ്ളിൻ തന്റെ ആത്മകഥയിൽ എഴുതി.

1909 അവസാനത്തിൽ കാർണോയുടെ ട്രൂപ്പ് പാരീസിലെത്തി. കുറച്ചു ദിവസങ്ങൾ മുൻപുവരേയും ഹെറ്റി കെല്ലി പാരീസിൽ നൃത്തം ചെയ്യുന്നുണ്ടായിരുന്നുവെന്നും ഇപ്പോൾ അവളുടെ ട്രൂപ്പ് മോസ്കോയിലാണെന്നും അറിയാൻ കഴിഞ്ഞു. തനിക്ക് ആദ്യമായി പ്രണയം തോന്നിയ ഹെറ്റി കെല്ലിയെ ഒരിക്കലും ചാപ്ലിൻ മറന്നില്ല. തന്നേക്കാൾ പ്രായം വളരെക്കുറഞ്ഞ പെൺകുട്ടികളോട് ചാപ്ലിന് ജീവിതകാലം മുഴുവൻ തോന്നിയിരുന്ന അഭിനിവേശത്തിന്റെ ആദ്യദൃഷ്ടാന്തമായിരുന്നു ഇത്.

## പി. എൻ. വേണുഗോപാൽ



സ്വതന്ത്ര പത്രപ്രവർത്തകൻ. മലയാളം, ഇംഗ്ലീഷ് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നു. ഒലിവർ ട്വിസ്റ്റ്, റോബിൻസൺ ക്രൂസോ, അനശ്വര കഥകൾ, അനശ്വര പ്രണയകഥകൾ, ഇവാൻ ദെനിസോവിച്ചിന്റെ ജീവിതത്തിലെ ഒരു ദിവസം (സോൾഷെനിറ്റ്സിൻ), പതനം (അൽബേർ കമ്യു), ഫാർ ഫ്രം ദ് മാഡിങ് ക്രൗഡ് (തോമസ് ഹാർഡി), അപ്പുവുമൊത്തുള്ള എന്റെ വർഷങ്ങൾ (സത്യജിത് റേ), പത്രപ്രവർത്തനത്തിലെ പാഠങ്ങൾ — പോത്തൻ ജോസഫിന്റെ കഥ (ടി.ജെ.എസ്. ജോർജ്) എന്നിവ മലയാളത്തിലേയ്ക്കും ഒ. വി. വിജയന്റെ ലേഖനങ്ങൾ, അന്ധകാരനഴി (ഇ. സന്തോഷ് കുമാർ) എന്നിവ ഇംഗ്ലീഷിലേയ്ക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

### സായാഹ്നയിൽ ലഭ്യമായത്

1. ചാർളി ചാപ്ലിൻ — ജീവിതവും സിനിമയും
2. അഭിമുഖം:
   - (i) ബുദ്ധദേവ് ദാസ്ഗുപ്ത
   - (ii) മേരി റോയി
   - (iii) വി. ആർ. കൃഷ്ണയ്യർ
   - (iv) ക്ലോസ് ലീബിഗ്

## പ്രതികരണങ്ങൾ

- ഞാൻ കുറച്ച കബീർവചനങ്ങൾ അയക്കാം. പ്രസക്തമായ ഒന്ന് ഇവിടെ: “ചന്ദനമിതെന്തു ചെയ്യാൻ / പാമ്പതിനെച്ചുറ്റീ / എങ്ങുമേ വിഷം കയറീ / എങ്ങുമുള്ള കേറാൻ?” — സച്ചിദാനന്ദൻ

- സായാഹ്നയുടെ ചെറുവായനാ സമാഹാരങ്ങൾ മികച്ച നിലവാരമുള്ളവ, ഉള്ളടക്കത്തിലും രൂപഭംഗിയിലും. വൈകാതെ ചില രചനകൾ അയയ്ക്കാം. സ്വീകാര്യമെങ്കിൽ പ്രയോജനപ്പെടുത്താം. നന്ദി. — പി. പി. രാമചന്ദ്രൻ

- At my age, very often, I am unable to sleep until late night. Sayahna’s digital format helps me a lot to read during my late nights without disturbing my husband’s sleep. Thank you for giving me this opportunity. Hope this community continues to grow and provide company for many.
— Kamala Chandran

- ലോകമിത്തോളജി ഗുളിക രൂപത്തിൽ സായാഹ്ന പ്രസിദ്ധീകരിക്കുന്നത് അഭിലഷണീയമാണ്. എല്ലാ രാജ്യങ്ങളുടെയും സാംസ്കാരിക സ്രോതസ്സ് മനസ്സിലാക്കാമല്ലൊ. — ഡോ. പി. കെ. സുകുമാരൻ

- എന്റെ പേര് ആഷ്‌ലി. ഞാൻ ഡെന്റിസ്റ്റ് ആയി വർക്ക് ചെയ്യുന്നു. സായാഹ്നയുടെ ഗ്രൂപ്പ് ഗംഭീരം . രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ സായാഹ്ന എന്തു പറയുന്നു എന്നാണ് ആദ്യം അന്വേഷിക്കുന്നത്. കേരളത്തിനുപുറത്ത് പഠിക്കുമ്പോഴും ജോലിത്തിരക്കിനിടയിലും വായന കുറഞ്ഞുപോയി . ഇപ്പോൾ ഐതിഹ്യമാല രസിച്ചുവായിക്കുന്നു. ഫോൺ പതിപ്പുകൾ എന്നെപ്പോലുള്ളവർക്ക് ഏറെ പ്രയോജനകരമാണ് . സായാഹ്നയ്ക്ക് നന്ദി. ഒത്തിരി സന്തോഷത്തോടെ അടുത്ത പുസ്തകം കാത്തിരിക്കുന്നു — ആഷ്‌ലി

## പി രാമന്റെ ‘ബാഷ’

- രാമൻ എഴുതി അവസാനിപ്പിക്കുന്നിടത്തു നിന്ന് അറ്റമില്ലാതെ വരികൾ തുടങ്ങുന്നു.അനന്തതയെക്കുറിച്ച് രാമൻ എഴുതിയ കവിത പോലെ അത് അങ്ങു ദൂരെ പേരാറ്റിന്നലകളെയും കവിഞ്ഞ് ദൂരെ എവിടെക്കോ നീളുന്നു. ഏറ്റവും ചുരുക്കിപ്പറഞ്ഞാൽ ഇതാണ് രാമൻ കവിതകളുടെ എന്റെ വായനാനുഭവം. — വി. കെ. സുബൈദ

- പി രാമന്റെ കവിതകൾ വായിക്കുമ്പോൾ…

  “നമ്മള് കൊയ്യും വയലൊന്നും, നമ്മുടെതല്ല പൈങ്കിളിയെ…” എന്ന് തിരുത്തി പാടണം, സാഹിത്യത്തിൽ. കാരണം കർതൃത്വം നിരാകരിക്കപ്പെടുമ്പോൾമാത്രമാണ് സർഗ്ഗസൃഷ്ടി പ്രകാശമാനമാകുന്നത്, അണകെട്ടിയ ജലത്തിലെ സ്ഥിതികോർജ്ജം ഗ്രാമങ്ങളിലെ കൂരകളിൽ വെളിച്ചമായ് തെളിയും പോലെ.

  ചക്കയിൽ പകലൊക്കെ പറ്റിക്കിടന്ന അണ്ണാനെപ്പോലെ, ചേനയ്ക്ക് രാപ്പകൽ വട്ടം കിടന്ന് മരിച്ച പോയ കർഷകനെ പോലെ, വിളവിന് പാകമാകുമ്പോൾ, അത്രകണ്ട് പാകമാകാത്ത കുമ്പളത്തിലേക്കും കാച്ചിലിലേക്കും മാറിക്കിടന്ന് അവയെക്കൂടി പാകമാക്കാൻ വിളികിട്ടിയവനാണ് കവി. ഇവിടെ വിളവേറെ, കൊയ്ത്തുകാരുമേറെ, എന്നാൽ വിളമെതിച്ച്, കുത്തി, പുഴുങ്ങി രുചിയുള്ള ആഹാരമാക്കി പാത്രമറിഞ്ഞ് വിളമ്പാനറിയുന്നവർ ചുരുക്കം. അതറിയുന്നവരിൽ ഒരാളാണ് പി രാമൻ.

  പി രാമന്റെ “ബാഷ” ഒരു നല്ല മനുഷ്യനാകുന്നത്, കുട്ടികളുടെ “ബാഷ മാമ”നാകുന്നത്, കുഞ്ഞുങ്ങൾക്ക് പാകത്തിന് വാഷ്ബേസിൻ താഴ്ത്തിവയ്ക്കുന്നതുകൊണ്ട് മാത്രമല്ല, വളർന്നിട്ടും വളഞ്ഞുനിന്ന് കുലുക്കുഴിഞ്ഞ് തുപ്പാൻ അവരെ പഠിപ്പിക്കുന്നത്കൊണ്ട് കൂടിയാണ്. ഇതുപോലെ, നമ്മുടെ ഭാഷയും, എത്ര വളർന്നാലും കുനിയേണ്ടിടത്ത് കുനിയാനും കുലുക്കുഴിഞ്ഞ്തുപ്പേണ്ടിടത്ത്—അതെത്രതന്നെ പളുങ്കുപിഞ്ഞാണമായാലും—തുപ്പാനും പഠിപ്പിക്കുന്നു. മറ്റു ഭാഷകൾ എത്തിപ്പിടിക്കാനാവാത്ത ഉയരങ്ങളിലിരിക്കുമ്പോഴും എത്രഉയരമില്ലാത്തവനും പ്രാപ്യമായതാണ് അവന്റെ മാതൃഭാഷ എന്ന് ഓർമ്മിപ്പിക്കുന്നു.

  പി. രാമനെറക്കുറിച്ച് സച്ചിദാനന്ദൻ എഴുതിയതുപോലെ വചനത്തിൽ നിന്നുള്ള ലോകസൃഷ്ടികർമ്മത്തെയാണ് അദ്ദേഹം കവിതയിൽ അന്വേഷിക്കുന്നത്. ഏറ്റവും ലളിതവും സാധാരണവുമായ വാക്കുകളിൽ ഗഹനമായ അർത്ഥം ഒളിപ്പിക്കുന്ന കാവ്യലോകസൃഷ്ടി.

  “രണ്ടു കണ്ണടയ്ക്കാൻ പാടുപെടുന്ന മനസ്സുള്ളവൻ”, ഇരുളെത്തും മുമ്പ്, കൃത്യമായി പറഞ്ഞാൽ വെയിലൊന്നു മങ്ങിയപ്പോഴേയ്ക്കും അരലക്ഷം ഇലയടച്ചുറങ്ങുന്ന പുളിമരത്തോട് ആ അറിവ് ചോദിക്കുന്നിടത്ത് ഈ കാവ്യപരിസരം മനുഷ്യനെ അതിന്റെ കേന്ദ്രത്തിൽ നിന്നും അടർത്തിയെടുത്ത് അവനോളമോ അവനധികമോ പ്രാധാന്യമുള്ള ചരാചരങ്ങൾക്കിടയിൽ പ്രതിഷ്ഠിക്കുന്നു. “ആ ലൈറ്റൊന്നു കെടുത്തു” എന്ന മാവിന്റെ കെഞ്ചൽ സങ്കൽപ്പിക്കൽ അയാളുടെ ദിനചര്യയാകുന്നതോടെ മനുഷ്യ കേന്ദ്രിതമായ നമ്മുടെ പരിസരസങ്കല്പനങ്ങളെ കവി ഉടച്ചുവാർത്ത് വാക്കിന്റെ പുതിയലോകം തീർക്കുന്നു. — ബിബിൻ ആന്റണി

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.